# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3538** **20.06.2019-ൽ മറുപടിക്ക്**

### മാവോയിസ്റ്റുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് മാവോയിസ്റ്റുകൾ അടക്കമുള്ള ഇടതു പക്ഷ തീവ്രവാദികളുടെ പ്രവർത്തനം ശക്തിപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി)എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണ് എന്നറിയിക്കാമോ; | (എ) യും (ബി) യും സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി)വയനാട്ടിൽ മാർച്ച് 6- ാം തീയതി രാത്രി പോലീസുമായുള്ള ഏറ്റുമുട്ടലിൽ സി.പി.ജലീൽ എന്ന മാവോയിസ്റ്റ് കൊല്ലപ്പെട്ട സംഭവത്തിന്റെ യഥാർത്ഥ വസ്തുത അന്വേഷിച്ചിട്ടുണ്ടോ;<br>(ഡി) ഇത് ഏറ്റുമുട്ടൽ മരണമല്ലായെന്ന ബന്ധുക്കളുടെ ആരോപണം വസ്തുതാപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കാമോ; | (സി) യും (ഡി) യും പോലീസുമായുള്ള ഏറ്റുമുട്ടലിൽ സി.പി. ജലീൽ കൊല്ലപ്പെട്ട സംഭവത്തിൻമേൽ ക്രൈംബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണ സംഘം അന്വേഷിച്ചു വരുന്നു. കൂടാതെ ഇക്കാര്യത്തിൽ മജിസ്ട്രേറ്റ് തല അന്വേഷണം നടത്തുവാൻ വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) ആദിവാസി മേഖലകളിൽ മാവോയിസ്റ്റുകളുടെ പ്രവർത്തനം വ്യാപിക്കാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | (ഇ) ആദിവാസി മേഖലകളിൽ ഉൾപ്പെടെ മാവോയിസ്റ്റ് സാന്നിദ്ധ്യം വ്യാപിക്കുന്നത് തടയുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനം വിലയിരുത്തുന്നതിനും തുടർ നടപടികൾ കൈക്കൊള്ളുന്നതിനുമായി |

മുഖ്യമന്ത്രി അധ്യക്ഷനായ ഒരു യൂണിഫൈഡ് കമാൻഡ് രൂപീകരിച്ചിട്ടുണ്ട്.

2. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നേരിടുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലും വനാതിർത്തിയിലും നിവസിക്കുന്ന ആദിവാസി വിഭാഗങ്ങളിൽ നിന്ന് മാത്രം യുവതീ-യുവാക്കളെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന കണ്ടെത്തി 75 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

3. മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ അതിൽ നിന്നും പിന്തിരിപ്പിച്ച് കീഴടങ്ങുന്നതിലേക്കായി കീഴടങ്ങൽ പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

4. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങളിൽ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരും പട്രോളിംഗ് നടത്തി വരുന്നു.

5. മാവോയിസ്റ്റ് തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അറസ്റ്റ് ചെയ്യുകയും അവരുടെ മേൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

6. ആദിവാസി മേഖലകളിൽ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും, വിവിധ വികസന, ആരോഗ്യ സംരക്ഷണ,

ഭക്ഷ്യ വിതരണ പദ്ധതികൾ നടപ്പിലാക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു.

7. മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം സംബന്ധിച്ചും, അവരുടെ പ്രവർത്തനങ്ങളെപ്പറ്റിയും, അവരുടെ താവളങ്ങളെപ്പറ്റിയുമുള്ള വിവരങ്ങൾ മുൻകൂറായി ശേഖരിച്ചു ഏരിയ ഡൊമിനെഷൻ എക്സർസൈസ് നടത്തി വരുന്നു.

8. മാവോയിസ്റ്റ് സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിലും, പരിസര പ്രദേശങ്ങളിലും, വന പ്രദേശങ്ങളിലും പോലീസിന്റെയും, നക്സൽ വിരുദ്ധ പ്രത്യേക സേനകളുടെയും നേതൃത്വത്തിൽ വിശദമായ ഇടവിട്ടുള്ള കോമ്പിംഗ് നടത്തി വരുന്നു.

9. ആദിവാസികൾക്കിടയിലും, മറ്റു സാധാരണ ജനങ്ങൾക്കിടയിലും മാവോയിസ്റ്റുകൾ സ്വാധീനമുണ്ടാക്കുന്നതിനെതിരായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**